**QP CODE** **Enrollment Number: ………………**

**C1050** **Name: ………………………………**

**B.A DEGREE EXAMINATIONS, JULY 2025**
**Fourth Semester**
**B21ML02LC – മലയാള സാഹിത്യമാതൃകകൾ**
**ആത്മകഥ, ജീവചരിത്രം, യാത്രാവിവരണം, അനുഭവസാഹിത്യം**
**(2023 January admissions)**

**Time: 3 Hours** **Max Marks: 70**

**സെക്ഷൻ എ**

**ഏതെങ്കിലും പത്തു ചോദ്യത്തിന് ഒറ്റവാക്കിൽ ഉത്തരമെഴുതുക. ഓരോ മാർക്കു വീതം**

1. 'ചെറുകാട്' ആരുടെ തൂലികാനാമമാണ്?
2. ബാലചന്ദ്രൻ ചുള്ളിക്കാട് ഹോസ്റ്റൽ വിടാൻ ഇടയാക്കിയ സാഹചര്യമെന്താണ്?
3. കടുത്തുരുത്തിയുടെ പ്രാദേശികനാമങ്ങൾ എന്തെല്ലാമായിരുന്നു ?
4. ദലിതൻ എന്ന ആത്മകഥയ്ക്ക് അവതാരിക എഴുതിയതാര്?
5. 'സംഘടനകൊണ്ടു ശക്തരാവുക'
   'വിദ്യകൊണ്ടു സ്വതന്ത്രരാവുക'. ഈ ആപ്തവാക്യങ്ങൾ ആരുടേതാണ്?
6. മകന്റെ ജനനശേഷം രചിച്ച ഉപന്യാസസമാഹാരത്തിനു സി ജെ തോമസ് നല്കിയ പേരെന്താണ് ?
7. 2025-ൽ ഔട്ട് ലുക്ക് മാഗസിന്റെ 'സ്പീക്ക് ഔട്ട്' അവാർഡ് ലഭിച്ചതാർക്കാണ്?
8. 'കുടജാദ്രിയുടെ സംഗീതം' എന്ന കൃതി എഴുതിയതാര്?
9. 'സൈലൻറ് വാലി' കാടിന്റെ ആദ്യകാല പേരെന്തായിരുന്നു?
10. 'ചീവീടുകൾ ചിലയ്ക്കാൻ മറക്കുമ്പോൾ'എന്ന ലേഖനം എന്തിനെക്കുറിച്ചുള്ളതാണ്?
11. 'ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്ത മയിലമ്മയുടെ ജീവിതകഥയുടെ പേരെന്ത്?
12. ഹെർബേറിയം, അടരുന്ന കക്കകൾ തുടങ്ങിയവ ആരുടെ യാത്രാവിവരണങ്ങളാണ് ?
13. 'ഭക്ഷണം കഴിച്ചാലേ അഭിമാനം വരൂ' ഈ വരികൾ ഏതു കൃതിയിലേതാണ്?
14. ദയാബായിയുടെ യഥാർത്ഥപേരെന്താണ്?
15. ആരുടെ ജീവിതമാണ് 'ഒരു മലയാളി ഹിജഡയുടെ ആത്മകഥ'യിൽ രേഖപ്പെടുത്തുന്നത് ?

**(1X10=10)**

**സെക്ഷൻ ബി**

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക .രണ്ടു മാർക്കു വീതം**

16. ചെറുകാടിന്റെ ആത്മകഥ മാത്രമല്ല 'ജീവിതപ്പാത',അതു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രരേഖകൂടിയാണ് എന്നു പറയാനുള്ള കാരണമെന്ത് ?
17. മധുരവേലിയിലെ പ്രാചീനജനതയുടെ സവിശേഷതകൾ എന്തെല്ലാമായിരുന്നു?

18. ജീവിതാനുഭവങ്ങൾ സത്യസന്ധമായി രേഖപ്പെടുത്തുക വഴി വായനക്കാരെ ഏറെ ആകർഷിച്ച മലയാളത്തിലെ പ്രധാനപ്പെട്ട ആത്മകഥകൾ ഏതൊക്കെയാണ് ?
19. രാധാകൃഷ്ണന് ബാലചന്ദ്രൻ ചുള്ളിക്കാടിനോടുള്ള സ്നേഹവും സഹതാപവും വ്യക്തമാകുന്ന സന്ദർഭമേത് ?
20. കുറിപ്പെഴുതുക -സഞ്ചാരസാഹിത്യം
21. സൈലൻറ് വാലി വനപ്രദേശത്തിന്റെ സവിശേഷതകൾ പരിചയപ്പെടുത്തുക?
22. ക്വിയർ സിദ്ധാന്തപ്രകാരം LGBTIQA + എന്ന ചുരുക്കപ്പേരിൽ പരാമർശിക്കപ്പെടുന്ന കൂട്ടായ്മകൾ ഏതൊക്കെയാണ് ?
23. പുസ്തകപരിചയം നടത്തുക -ഹിമവാന്റെ മുകൾത്തട്ടിൽ
24. രാജൻ കാക്കനാടിന്റെ കൃതികളെ പരിചയപ്പെടുത്തുക.
25. ദളിത് മുതലാളിത്തം വരേണ്ടതാണെന്നു കുഞ്ഞാമൻ പറയാനുള്ള കാരണമെന്ത് ?

**(2X5=10)**

## സെക്ഷൻ സി

**ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്കു വീതം**

26. അനുഭവസാഹിത്യമെന്ന നിലയിൽ ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'ചിദംബരസ്മരണ'യുടെ സ്ഥാനം വിലയിരുത്തുക ?
27. ദളിതൻ എന്ന ആത്മകഥയിൽ കടന്നുവരുന്ന സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങൾ വിശദീകരിക്കുക.
28. മധുരവേലിയിലെ പ്രാചീന കൃഷിസമ്പ്രദായം ,ഭൂപ്രകൃതി,എന്നിവയുടെ സവിശേഷതകൾ എന്തൊക്കയാണ് ?
29. ജീവചരിത്രാഖ്യാനമെന്ന നിലയിൽ 'ഇവനെന്റെ പ്രിയ സി ജെ 'യെ വിലയിരുത്തുക ?
30. കള്ളിമുൾച്ചെടികൾ നിലാവിൽ കുളിച്ചുനില്ക്കുന്നത് കണ്ടപ്പോൾ ലേഖകനുണ്ടായ വികാരവിചാരങ്ങൾ എന്തെല്ലാമായിരുന്നു?
31. പാവങ്ങളുടെ രണ്ടാം മദർ തെരേസയാണ് ദയാബായി -സമർഥിക്കുക ?
32. ട്രാൻസ്ജെൻഡർ വിഭാഗം നേരിടുന്ന പ്രശ്നങ്ങൾ വിശകലനം ചെയ്യുക.?
33. പാരമ്പര്യബോധത്തെയും ആചാരങ്ങളെയും ശ്രീനാരായണഗുരു എങ്ങനെയാണ് മറികടന്നത് ?
34. മയിലമ്മയുടെ ജീവിതകഥ പ്ലാച്ചിമടനിവാസികളുടെ ചരിത്രംകൂടിയാണ്.ചർച്ച ചെയ്യുക.
35. കേരളത്തിലെ പ്രകൃതിയെ അടയാളപ്പെടുത്തുന്ന പ്രധാനപ്പെട്ട മലയാളയാത്രാവിവരണകൃതികൾ ഏതൊക്കെയാണ് ?
36. സൈലൻറ് വാലി വെറുമൊരു കാടല്ല ,അതൊരു പുണ്യഭൂമിയാണ് എന്ന് പറയാനുള്ള കാരണങ്ങൾ എന്തൊക്കെയാണ്?
37. കയ്പേറിയ ബാല്യകാല ഓർമ്മകളുടെ സംഗ്രഹമാണ് 'എന്നെ പാണൻ എന്നു വിളിക്കരുത് 'എന്ന അധ്യായം.വിശകലനം ചെയ്യുക.

**(5X6=30)**

**QP CODE**

**C1050**

## സെക്ഷൻ ഡി

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് രണ്ടു പുറത്തിൽ ഉത്തരമെഴുതുക. പത്തു മാർക്ക് വീതം**

38. വിശപ്പും ദാരിദ്ര്യവും പ്രമേയമാകുന്ന മലയാളത്തിലെ പ്രധാനകൃതികളെ അപഗ്രഥനം ചെയ്യുക?
39. കേരളനവോത്ഥാനവും ജാതീയതയും എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക ?
40. മയിലമ്മ നയിച്ച പ്ലാച്ചിമട സമരത്തെക്കുറിച്ചു ചർച്ച ചെയ്യുക ?
41. അരികുവത്കരിക്കപ്പെട്ട ജനതയുടെ ജീവിതമാണ് മലയാളത്തിലെ പല കേട്ടെഴുത്തു സാഹിത്യകൃതികളും'.ജെറീനയുടെ ആത്മകഥയെ ആസ്പദമാക്കി ഈ പ്രസ്താവനയെ വിലയിരുത്തുക.

**(10X2=20)**